ശ്രീ. കെ.എം. മാണി: കോടതി ഫൈൻഡിംഗ്സിന്റെ അടിസ്ഥാനത്തിലല്ല. ശിക്ഷണനടപടികളെ സംബന്ധിച്ചിടത്തോളം കോടതി ഫൈൻഡിംഗ് ഇല്ലാതെതന്നെ എടുക്കാനുള്ള അവകാശമുണ്ട്. ആ അവകാശത്തിന്റെ അടിസ്ഥാനത്തിൽ ഓരോ കുറ്റത്തെ സംബന്ധിച്ചിടത്തോളവും ഡിസിപ്ലിനറി പ്രൊസീഡിംഗ് നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ജിനദേവൻ: സ്ഥലം മാറ്റങ്ങൾ ഒരു ശിക്ഷണ നടപടിയായി അംഗീകരിച്ചിട്ടില്ലെങ്കിലും കഴിഞ്ഞ പണിമുടക്കിനെ തുടർന്ന് അനേകം ആളുകളെ പല സ്ഥലത്തേയ്ക്കും മാറ്റിയിട്ടുണ്ട്, സസ്പെൻറ് ചെയ്തിട്ടുണ്ട്. ഇങ്ങനെ പല ശിക്ഷണനടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ മന്ത്രി സ്വീകരിച്ചിട്ടുള്ള ഈ ഉദാരമായ നിലപാട് പരിഗണിച്ച് ഇതിന് ഒരു പൊതുമാപ്പ് കൊടുത്ത് ആ നടപടികളെല്ലാം റദ്ദ് ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കെ.എം. മാണി: ഇതൊരു വീക്ഷണത്തിന്റെ വ്യത്യാസമാണ്. പണിമുടക്കുകാലത്ത് നടത്തിയ ട്രാൻസ്ഫറുകളെല്ലാം പണിമുടക്കിന്റെ പേരിലല്ല. പണിമുടക്കിന്റെ പേരിൽ അങ്ങനെ വൈരാഗ്യത്തോടെ സ്ഥലമാറ്റം നടത്തിയിട്ടില്ല, അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസിനുവേണ്ടിയാണ്. അതാണ് ഞാൻ പറഞ്ഞത് ആർക്കെങ്കിലും എന്തെങ്കിലും കുടുംബപരമായ ബുദ്ധിമുട്ടോ വ്യക്തിപരമായ ബുദ്ധിമുട്ടോ ഉണ്ടെന്ന് എന്നെ അറിയിക്കുന്നുവെങ്കിൽ തീർച്ചയായും ആ കേസിനെ സംബന്ധിച്ചിടത്തോളം അഡ്മിനിസ്ട്രേറ്റീവ് ബുദ്ധിമുട്ട് ഇല്ലെങ്കിൽ പരിഹരിച്ചുകൊടുക്കാം.

കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത വർക്കുകൾ

* 166 [212] ശ്രീ. കെ.ടി. കണാരൻ:

" കെ.പി. പ്രഭാകരൻ:

" വി.കെ. രാജൻ:

" കെ.ആർ. ചന്ദ്രമോഹനൻ:

" പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇപ്പോൾ ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുന്ന വർക്കുകൾ ഏതെല്ലാം;

(ബി) ഈ കോർപ്പറേഷൻ തൊഴിലാളികളുടെ ഇടയിലുള്ള 'മേസ്തിരി'മാർക്ക് അടങ്കലായി സബ് കോൺട്രാക്ട് കൊടുക്കുന്നുണ്ടോ;

(സി) ഈ സ്ഥാപനത്തിനു 1982-നു ശേഷം പ്രതിവർഷം ഉണ്ടായിട്ടുള്ള ലാഭം എത്രയാണ്?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിഹാജി): (എ) ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ട്.

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോർപ്പറേഷൻ വർക്കുകൾ പീസ്‌വർക്ക് കോൺട്രാക്ടായി തൊഴിലാളികളെ ഏർപ്പെടുത്തുന്ന കാര്യങ്ങൾ കോർപ്പറേഷന്റെ ചില ജോലിക്കാരെത്തന്നെ ഏൽപ്പിക്കാറുണ്ട്.

(സി) 1982–83 33.31 ലക്ഷം രൂപ
1983–84 4.78 "
1984–85 3.29 "

1983–84, 1984–85 എന്നീ വർഷങ്ങളിലെ കണക്കുകൾ ആഡിറ്റ് ചെയ്തിട്ടില്ലാത്തതുകൊണ്ട് ലാഭം കണക്കാക്കിയിരിക്കുന്നത് ആഡിറ്റ് ചെയ്യാത്ത കണക്കുകളുടെ അടിസ്ഥാനത്തിലാണ്.

ശ്രീ. കെ.ടി. കണാരൻ: പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ നടക്കുന്ന വർക്കുകളെ സംബന്ധിച്ച് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടത്തുന്ന വർക്കുകളിൽത്തന്നെ കോർപ്പറേഷനകത്ത് സബ് കോൺട്രാക്ടർമാരെ സൃഷ്ടിക്കുന്ന തരത്തിലുള്ള ഈ വർക്ക് വിഭജന സമ്പ്രദായം അവസാനിപ്പിക്കാൻ പ്രത്യേകം നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഇത് അങ്ങനെ വർക്ക് വിഭജനമൊന്നുമല്ല. ചില പ്രത്യേക ജോലിക്കാർ കോർപ്പറേഷന്റെ കീഴിലില്ല. ആശാരിമാർ തുടങ്ങിയുള്ള ചില ജോലിക്കാർ സ്ഥിരമായി കോർപ്പറേഷന്റെ കയ്യിലില്ല. അവരെ വയ്ക്കുകയാണെങ്കിൽ സ്ഥിരമായി വയ്ക്കേണ്ടിവരും. അതുകൊണ്ട് ചില പീസ്‌വർക്കുകൾ അവിടെയുള്ള തൊഴിലാളികളിൽനിന്നു തന്നെ കാട്ടേഷൻവാങ്ങി അവരെ ഏൽപ്പിക്കുകയാണ്. അവരെ മേസ്തിരി എന്ന പേര് പറയാറുണ്ടെങ്കിലും അവർ തൊഴിലാളികളാണ്.

ശ്രീ. കെ.ടി. കണാരൻ: ഒരു നയമെന്ന നിലയിൽ ഇന്ന് നമ്മുടെ പൊതുമരാമത്തു വകുപ്പ് കോൺട്രാക്ടർമാർക്ക് കടപ്പെട്ട ഒരു വകുപ്പാണ്. ഒരു നയമെന്ന നിലയ്ക്ക് പൊതുമരാമത്തു വകുപ്പിന്റെ വർക്കുകൾ കൂടുതൽ ഏറ്റെടുത്തു നടത്താൻ കൺസ്ട്രക്ഷൻ കോർപ്പറേഷനെ പ്രോൽസാഹിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണ്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഇപ്പോഴും തന്നെ ധാരാളം വർക്കുകൾ ഏറ്റെടുത്തു നടത്തുന്നുണ്ട്. 78 വർക്കുകളാണ് ഇപ്പോൾ നടക്കുന്നത്. 38 കോടി രൂപ ചെലവുവരുന്ന 78 വർക്കുകൾ ഇപ്പോൾ നടന്നു വരുന്നുണ്ട്. കൂടുതൽ വർക്കുകൾ ഏറ്റെടുത്തുനടത്താൻ കോർപ്പറേഷൻ തയ്യാറാണ്.

ശ്രീ. കെ.പി. പ്രഭാകരൻ: ലാഭകരമായി, പ്രയോജനകരമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ഇന്നും എഞ്ചിനീയറിംഗ് ബിരുദവും ഡിപ്ലോമയും മറ്റുമുള്ളവരെ ദിവസക്കൂലിക്കാരായി ജോലി ചെയ്യിപ്പിക്കുന്ന സമ്പ്രദായം ഒന്ന് അവസാനിപ്പിച്ച് അവരെ റഗുലർ സർവ്വീസുകാരായി എടുക്കാൻ നിർദ്ദേശം കൊടുക്കാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: എഞ്ചിനീയറിംഗ് ബിരുദമുള്ളവരെ പി.ഡബ്ലിയു.ഡി. യിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എടുക്കുകയാണ്. പുറമേനിന്ന് എടുക്കാൻ പാടില്ല. മറ്റ് ചില ജീവനക്കാരെ പുറമേ നിന്ന് എടുക്കാറുണ്ട്. 1978–ൽ ഈ നിയമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പി. എസ്. സി. ക്ക് വിട്ടു കഴിഞ്ഞിട്ടുണ്ടെങ്കിലും അതിന്റെ നിയമപരമായ വശങ്ങൾ പൂർത്തീകരിക്കാത്തതുകൊണ്ട് ഇപ്പോഴും പി. എസ്. സി.യിൽ സെലക്ഷൻ നടക്കുന്നില്ല. അതുകൊണ്ട് താൽക്കാലികമായി ചിലരെ എടുക്കുന്നു. അവരെ സ്ഥിരമായി എടുക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ.പി. പ്രഭാകരൻ: 1978 മുതൽ എഞ്ചിനീയറിംഗ് ബിരുദമുള്ളവരെ ദിവസക്കൂലിക്കാരായി ജോലിചെയ്യിപ്പിക്കുന്നുവെന്നാണ് പറഞ്ഞത്. പി.ഡബ്ലിയു.ഡി. യിൽനിന്ന് ഡെപ്യൂട്ട് ചെയ്യപ്പെട്ടവരുടെ കാര്യമല്ല. വർഷങ്ങളായി ദിവസക്കൂലിക്കാരായിട്ട് ജോലി ചെയ്യുന്ന ബിരുദധാരികളെ റഗുലർ സർവ്വീസാക്കാൻ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്നാണ് ചോദ്യം.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: 1978 മുതൽ പി. എസ്. സി.ക്ക് വിട്ടതുകൊണ്ട് അതിനുശേഷമുള്ള ജീവനക്കാരെ എഞ്ചിനീയർമാരായാലും അവരെ സ്ഥിരപ്പെടുത്താനുള്ള തീരുമാനം ഗവൺമെന്റ് കൈക്കൊണ്ടിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: പൊതുമേഖലയിലുള്ള കോൺട്രാക്ടർമാർ ഇന്നിപ്പോൾ വളരെ സംഘടിതമായിട്ട് ഓരോ മേഖലയിലും നിരവധി ടെൻഡറുകൾ കൂടുതൽ ശതമാനത്തിനുവേണ്ടി ടെൻഡർവച്ചു മൽസരമില്ലാതെ പ്രത്യേകം പ്രത്യേകം ആളുകളെ നിശ്ചയിച്ച് വിളിക്കുന്ന സമ്പ്രദായം നിലവിലിരിക്കുന്നുണ്ട്. അതിനെ പൊളിക്കുന്നതിനുവേണ്ടി, ഇത്തരം നയം ശതമാനംവയ്ക്കുന്ന സ്ഥലങ്ങളിൽ ആ വർക്കുകൾ കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: കഴിയുന്നതും കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചുവരുന്നുണ്ട്. കൂടുതൽ വർക്കുകൾ ഏറ്റെടുക്കാൻ തയ്യാറാണെന്ന് ഞാൻ പറഞ്ഞതിന് കാരണമതാണ്.

ശ്രീ. വി.കെ. രാജൻ: കൺസ്ട്രക്ഷൻ കോർപ്പറേഷൻ വർക്കുകൾ കൂട്ടിയെടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. നമ്മുടെ കോൺട്രാക്ടർമാരും ഉദ്യോഗസ്ഥൻമാരും ആ കൊടുക്കുന്ന പണം തട്ടിയെടുക്കുകയാണ്. ആ ഒരു സാഹചര്യത്തിൽ യു.പി. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മോഡലിൽ നമ്മുടെ കൺസ്ട്രക്ഷൻ കോർപ്പറേഷനെ പുനഃസംഘടിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ: അവുക്കാദർകുട്ടി നഹ: അങ്ങനെ പുനഃസംഘടിപ്പിക്കുവാൻ ധാരാളം പണമാവശ്യമുണ്ട്. കോടിക്കണക്കിനു രൂപയുടെ മെഷിനറിയും സാധനങ്ങളും വേണം. അവരെ സഹായിക്കുന്നതിന് കോർപ്പറേഷനോ ഗവൺമെന്റിനോ കഴിയില്ലെന്നതുകൊണ്ടാണ് യു.പി. കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി മൽസരിക്കാൻ നമുക്ക് സാധിക്കാത്തത്.

ശ്രീ. വി.കെ. രാജൻ: ആലപ്പുഴ—ചങ്ങനാശ്ശേരി റോഡിൽ നെടുമുടി—പള്ളുരുത്തി റോഡിന്റെ വർക്കുകൾ കുറെക്കാലമായി കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിട്ട്: ആ വർക്ക് ഇപ്പോഴും നടക്കുന്നില്ല. അതിനുകാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: സാമ്പത്തിക ബുദ്ധിമുട്ടു കാരണമാണ് ആ വർക്ക് നീണ്ടുപോയത്. ആ വർക്ക് നടത്താനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: 1982-നുശേഷം കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ എത്ര വിദേശ കോൺട്രാക്ട് പണികൾ ഏറ്റെടുത്തു നടത്തിയെന്നും അതിൽ എത്ര രൂപയുടെ ലാഭനഷ്ടമുണ്ടായിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: 1982-നു മുമ്പാണ് വിദേശ വർക്കുകൾ ഏറ്റെടുത്തത്. അതിൽ വമ്പിച്ച നഷ്ടമുണ്ടായിട്ടുണ്ട്. 1975-76 മുതൽ 1981-82 വരെ വിദേശ ജോലികൾ ഉൾപ്പെടെയുള്ള നഷ്ടം 267.28 ലക്ഷം രൂപയാണ്. അതിന്റെ വിശദാംശമറിയില്ല.

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ ഗവൺമെന്റ് നിയമിച്ച കമ്മിറ്റിയുടെ ശുപാർശകൾ എന്തൊക്കെയാണ്; ആ ശുപാർശകളിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ട്? കേരളത്തിൽത്തന്നെയുള്ള മേജർ പാലങ്ങളുടെയും മറ്റും പണി ഈ കോർപ്പറേഷനെ ഏൽപ്പിച്ചുകൊണ്ട്, കോർപ്പറേഷന് ഫണ്ട് റെയിസ് ചെയ്തുകൊണ്ട് ഇത്തരം പണികൾ കോർപ്പറേഷൻ നടത്തുകയും ബഡ്ജറിലുള്ള തുക മറ്റ് പണികൾക്കായി നീക്കിവയ്ക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശം ഉണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് വാങ്ങിക്കൊണ്ട് മേജർ പാലങ്ങളും കെട്ടിടങ്ങളും നമ്മുടെ ജീവനക്കാർക്ക് ആവശ്യമായ ക്വാർട്ടേഴ്സുമെല്ലാം കെട്ടുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. സാമ്പത്തികമായ പരാധീനതകൊണ്ട് ഇതുമുഴുവനും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എങ്കിലും കഴിയുന്നിടത്തോളം ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

ശ്രീ. പി. കുമാരൻ: ഹരിജന-ഗിരിജനങ്ങൾക്ക് കെട്ടിക്കൊടുക്കുന്ന വീടുകളെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പരാതി ഒഴിവാക്കാൻ മേലിൽ കെട്ടിക്കൊടുക്കുന്ന വീടുകളുടെ പണി കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: കോർപ്പറേഷൻ നേരിട്ട് ഇത്തരം വർക്കുകൾ ഇങ്ങോട്ട് തരണമെന്നു പറഞ്ഞ് ഏറ്റെടുക്കാൻ തയ്യാറില്ല. കോർപ്പറേഷൻ ഏറ്റെടുക്കണമെന്ന് ബന്ധപ്പെട്ട വകുപ്പ് ആലോചിക്കുകയാണെങ്കിൽ അക്കാര്യം ആലോചിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള പല വർക്കുകളും നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാകാതെ മുടങ്ങിക്കിടക്കുകയാണെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുകാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: പലതും നിശ്ചിത കാലാവധി കഴിഞ്ഞിട്ടും പണി തീരാത്തതായിട്ടുണ്ട്. ചിലതെല്ലാം നിശ്ചിത കാലാവധിക്കുമുമ്പുതന്നെ തീർന്നിട്ടുമുണ്ട്. തീരാത്തതിനു കാരണം സാമ്പത്തിക ബുദ്ധിമുട്ടാണെന്ന് ഞാൻ നേരത്തേ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇനിയും കൂടുതൽ വർക്കുകൾ ഏറ്റെടുക്കാൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇത് ടെൻഡർ വിളിച്ചതിന്റെ അടിസ്ഥാനത്തിലാണോ നെഗോഷ്യേറ്റഡ് കോൺട്രാക്ടിന്റെ അടിസ്ഥാനത്തിലാണോ കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുക്കുന്നത്? ഏതുവിധത്തിലാണ് ഗവൺമെന്റിന് കൂടുതൽ വർക്ക് കൊടുക്കുവാൻ കഴിയുന്നതെന്ന് പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: നെഗോഷ്യേറ്റഡ് കോൺട്രാക്ടിന്റെ അടിസ്ഥാനത്തിലാണ്. അവരെ നിയമിക്കുവാൻ പ്രത്യേകമായ ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയാണ് അത് തീരുമാനിക്കുന്നത്.

ഡോ. കെ.സി. ജോസഫ്: ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ നെടുമുടി—പള്ളുരുത്തി പാലങ്ങളുടെ പണിയാരംഭിച്ചത് സാമ്പത്തിക കുഴപ്പം കൊണ്ടാണെന്ന് പറഞ്ഞു. അവിടെയുള്ള വലിയ പുഴ മണ്ണിട്ട് നികത്തിസ്പാൻ വർക്കായി എടുക്കുന്നതുകൊണ്ട് അനാവശ്യമായി പണി താമസിക്കുകയും ചെലവ് കൂടുകയും ചെയ്യുന്നു. അതിനുപകരം മോഡേൺ ആയിട്ടുള്ള ഉപകരണങ്ങൾ മേടിച്ചാൽ പണം ലാഭിക്കാനും പണി വേഗത്തിൽ തീർക്കാനും കഴിയുമെന്നുള്ളതുകൊണ്ട് അതിനാവശ്യമായ പുതിയ മെഷിനറി വാങ്ങിക്കാനും പണി ത്വരിതപ്പെടുത്താനും വേണ്ട നടപടി സ്വീകരിക്കുമോ? അതുപോലെതന്നെയാണ് മുട്ടാർ—കൈതത്തോട് പാലത്തിന്റെ പണി മെറ്റീരിയൽസ് ഇല്ലാത്തതുകൊണ്ട് വർഷങ്ങളായി പണിതീരാതെ കിടക്കുന്നത്. 12 എം.എം. റോഡായതുകൊണ്ടാണ് അതിന്റെ പണം തികയാതെ പോയത്. ആവശ്യമായ മെറ്റീരിയൽസ് കൊടുത്ത് മുട്ടാർ—കൈതത്തോട് പാലത്തിന്റെ പണി തീർക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഞാൻ നേരത്തെ പറഞ്ഞതുപോലെ ആധുനികരീതിയിലുള്ള യന്ത്രങ്ങൾ വാങ്ങാനുള്ള സാമ്പത്തിക സ്ഥിതിയില്ലാത്തതുകൊണ്ട് പല വർക്കുകൾക്കും താമസം നേരിട്ടിട്ടുണ്ട് കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ 30 ലക്ഷം രൂപയുടെ ലാഞ്ചിംഗ് ഗർഡർ 20 ലക്ഷം രൂപ വിലയുള്ള മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങി കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. അതിനുശേഷം കുറെയധികം വർക്കുകൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. ഇനിയും മെഷിനറികൾ വാങ്ങേണ്ടതുണ്ട്. അതിന് സാമ്പത്തിക ഭദ്രത നമ്മെ അനുവദിക്കാത്തതുകൊണ്ടാണ് യു.പി. കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി നമുക്ക് മൽസരിക്കുവാൻ സാധിക്കാത്തത്. അതിന്റെ അടിസ്ഥാനത്തിൽത്തന്നെയാണ് ഈ പാലങ്ങളുടെ പണിയിൽ താമസം നേരിട്ടത്.

ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: കോൺട്രാക്ടർമാർ പണി ഉപേക്ഷിച്ചുപോയതിന്റെ ഫലമായി പല മേജർ പാലങ്ങളുടെയും പണി ഇന്ന് സ്തംഭനത്തിലാണ്. അതിനുദാഹരണമാണ് ഈ ചെറുകോൽപ്പുഴ പാലം. കഴിഞ്ഞ അഞ്ചുവർഷമായി അതിന്റെ പണി ഏറ്റെടുത്തിട്ട്. അത് തീർക്കേണ്ടതാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലമായി അവിടെ ഒരു പണിയും നടന്നിട്ടില്ല. ഈ അടുത്തകാലത്ത് അതിന്റെ പണി കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. കഴിയുന്നതും വേഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കൊണ്ട് ഈ പാലത്തിന്റെ പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുവാനുള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ കഴിയുന്നതും വേഗത്തിൽ തീർക്കാനുള്ള ഏർപ്പാടു ചെയ്യാം.

ശ്രീ. തച്ചടിപ്രഭാകരൻ: കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഒരു പൊതുമേഖലാ സ്ഥാപനമെന്നുള്ള നിലയിൽ സർക്കാർ സഹായം തരുന്ന പല വർക്കുകളും അതിനെ ഏൽപ്പിച്ചിട്ടുണ്ട്. അവരുടെ കൺസൾട്ടേഷൻ ഫീസ് 39 ശതമാനമാണ്. യാതൊരു വർക്കും യഥാവസരം പൂർത്തിയാക്കാതെ ഏറെവുമധികം ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കോർപ്പറേഷനാണിതെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ വർക്കുകൾ പൂർത്തിയായിട്ടില്ല. ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ മുകുന്ദകുന്നം പാലത്തിന്റെയും ഇവിടെ സ്റ്റേഡിയത്തിന്റെയും പണിയൊക്കെ ഒന്ന് താരതമ്യം ചെയ്യാനും ഈ കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ ആളുകൾക്ക് ഒരു ട്രെയിനിംഗ് കൊടുക്കാനും പൊതുമേഖലാ സ്ഥാപനമെന്നുള്ള നിലയിൽ നാട്ടുകാർക്ക് ഉപദ്രവമുണ്ടാക്കുന്നതിന്റെ പേരിൽ ഇത് പിരിച്ചുവിടുവാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: പിരിച്ചുവിടാനുള്ള നടപടിയെക്കുറിച്ച് ഏതായാലും ഇപ്പോൾ ആലോചനയില്ല. താരമ്യപഠനം നടത്തിയിട്ടുണ്ട്. ഇതിനുള്ള തടസ്സങ്ങൾ ഞാൻ നേരത്തെ പറഞ്ഞതാണ്. അവരുമായി മൽസരിക്കാൻ (യു.പി. കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി) ധാരാളം മെഷിനറിയും കോടിക്കണക്കിനു രൂപയും വേണം. തൽക്കാലം അത് ഇൻവെസ്റ്റ് ചെയ്യാനുള്ള പണം ഗവൺമെന്റിനില്ലാത്തതുകൊണ്ടാണ് നമുക്ക് ബുദ്ധിമുട്ടുണ്ടാകുന്നത്.

കുടിശ്ശിക വന്നിട്ടുള്ള പേമെന്റുകൾ

* 167 [213] ശ്രീ. സി. വാസുദേവമേനോൻ:

ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

ശ്രീ വർക്കല രാധാകൃഷ്ണൻ:

ശ്രീ സി.കെ. ചക്രപാണി:

ശ്രീ ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റിന്റെ സാമ്പത്തിക നിയന്ത്രണ ഉത്തരവ് ബാധകമല്ലാത്ത ഇനങ്ങളിൽപോലും പല പേമെന്റുകളും കുടിശ്ശികയാണെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങളിലുള്ള പേമെന്റുകൾക്കാണ് ഇപ്രകാരം കുടിശ്ശിക വന്നിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

12. മെയിൻറനൻസ് ഓഫ് ടൂ വീലർ ആൻറ് ത്രീ വീലർ
13. ഫൗണ്ടറി ടെക്നോളജി
14. സെറാമിക് ടെക്നോളജി
15. കമ്പോസിംഗ് & പ്രിൻറിംഗ് ആൻറ് ബയൻറിംഗ്
16. ബിൽഡിംഗ് ടെക്നോളജി
17. ഡ്രാഫ്റ്റ്മാൻ ഷിപ്പ് ആൻറ് കാൻറിറ്റി സർവേയിംഗ്
18. പ്ലാസ്റ്റിക് മെറ്റീരിയൽസ് പ്രോഡക്ട്സ്
19. റ്റി.വി. മെക്കാനിസം
20. ഹോറോളജി (The science of time measurement; the art of clock making)
21. തടി വ്യവസായം
22. ടെക്സ്റ്റയിൽ ഡൈയിംഗ് ആൻറ് പ്രിൻറിംഗ്
23. ട്രാക്ടർ മെക്കാനിസം
24. ഇ.സി.ഡി. ആഡിയോമെട്രിക് ടെക്നീഷ്യൻ കോഴ്സ്

അനുബന്ധം II

3-9-1985-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (212) കാണുക

DETAILS OF WORKS IN PROGRESS

		Amount of contract (Rs. in lakhs)
Trivandrum Region I		
1.	Jersy Farm; Vithura	16.00
2.	Jersy Farm; Chettachal	11.85
3.	Building for Rubber Works; Trivandrum	14.60
4.	Multistoreyed Building for Teachers Sanatoria Society	42.50
5.	Secretariat Canteen; Trivandrum	6.18
6.	K.M.E.D.P. Construction of Laboratory Building	22.87
7.	Government College; Attingal	29.77
8.	Constructing a Cut at Onampalam for diverting flood waters	62.33
Trivandrum Region II		
1.	V.B.I. Palode	80.85
2.	Chief disease Investigation; Laboratory Palode	29.52
3.	Chengalchoola; III stage	26.71
4.	Guest House, Kovalam	55.00
5.	L.I.C. Building; Quilon	35.00
6.	Construction of Compound wall; Sewage Farm; Valiathura	11.25

LIBRARY ARCHIVES Kerala Legislative Assembly

DETAILS OF WORKS IN PROGRESS

		Amount of contract (Rs. in lakhs)
7.	Priyadersini Institute of Paramedical Science, Medical College, Trivandrum	58.00
8.	Auditorium for the Medical College, Trivandrum	39.00
9.	Additional Block for Women's Hostel Medical College, Trivandrum	25.51
10.	Construction of a Building for Pharmacy Department Second Floor, Medical College, Trivandrum	22.13
III.	Changanacherry Region	
1.	Muttar Central Road Bridges—Kaithathodu	12.40
2.	Pumpa Irrigation Project, LBC, Kottamukku Flume	53.00
3.	Mini Civil Station, Palai	84.03
4.	A.R. Camp Chennithala, Balance works	47.28
IV.	Alleppey Region	
1.	Constructing a Bridge at Nedumudy	66.80
2.	Constructing a Bridge at Pallathuruthy	80.28
V.	Ernakulam Region—I	
1.	Working Women's Hostel, Perumbavoor	18.87
2.	Working Women's Hostel Gandhi Nagar, Ernakulam	35.90
3.	Kerala Press Academy Building, Thrikkakara	35.37
4.	Bus stand Building, North Parur	18.25
VI.	Ernakulam Region—II	
1.	Kumbalam-Aroor Bridge	448.00
2.	Bridge at Binanipuram	Actuals 20% (20 lakhs. Approx)
VII.	Ernakulam Region III	
1.	Construction of Hostel No. V for Cochin University	3989
2.	Construction of building for Polymer Science—Cochin University	10.21
3.	Construction of 1st floor of Ladies Hostel—Cochin University	2.15
VIII.	Ernakulam Region IV	
	Cochin Export Processing Zone works	1000.00
IX.	Trichur Region I	
1.	Nehru Balabhavan	7.50
2.	Guest House, Trichur	79.34
3.	Kerala Sangeethanataka Academy, Trichur	18.56
4.	South Indian Bank, Trichur	14.00

LIBRARY ARCHIVES Kerala Legislative Assembly

DETAILS OF WORKS IN PROGRES

		Amount of contract (Rs. in lakhs)
5.	Shopping Centre, West Kuruppam Road, Trichur	48.87
6.	Shopping Centre, East Kuruppam Road, Trichur	14.00
7.	Non Vegetarian Market Complex, Erattachira, Trichur	33.00
8.	Tagore Centenary Hall, Aranattukara, Trichur	12.81
9.	Irinjalakkuda Market Building	5.39
10.	Municipal Office Building, Chalakkudy	6.86
11.	Municipal Bus Stand, Chalakkudy	52.00
12.	Office-cum-shopping Centre, Angamaly	19.97
13.	Government College, Trichur	31.599
X.	Trichur Region	
1.	Medical College, Trichur, Mulamkunnathukavu, Special Repairs—under 3 heads	54.96
2.	Trichur Medical College, Men's Hostel	25.50
3.	Trichur Medical College—300 bedded, Chest diseases, Hospital	126.585
4.	Maintenance and repairs—Sanitorium Buildings and Medical College Hospital, Trichur	15.00
5.	Chimony Project—constructing Permanent Quarters for Government Employees at Trichur, Type V and VI.	1.96
XI.	Guruvayoor Region	
1.	Shopping Complex, Guruvayoor	35.00
2.	Five storeyed Lodging, Guruvayoor	35.00
3.	Chemistry Block, Sreekrishna College, Guruvayoor	4.50
4.	T.T.D. Kalyanamandapam, Guruvayoor	12.00
5.	Tourist Bus park, Guruvayoor	12.50
6.	Rest House and Taxi stand, Guruvayoor	33.32
7.	Director's Bungalow, KFRI, Peechi	4.16
8.	Type-II Qyarters, KFRI, Peechi	18.80
XII.	Palghat Region	
1.	Palghat Municipal works	122.76
XIII.	Calicut Region	
1.	New Examination Block, Calicut University	29.00
2.	Hostel for 75 students, Calicut University	20.00
3.	Working Women's Hostel do.	6.33

LIBRARY ARCHIVES Kerala Legislative Assembly

DETAILS OF WORKS IN PROGRESS

		Amount of Contract (Rs in lakhs)
4.	Working Men's Hostel do.	6.33
5.	Office Building for Calicut University staff organisation	1.25
6.	Civil Station Block 'C" Calicut	33.00
7.	Working Women's Hostel, Civil Station Compound, Calicut	9.00
8.	Head Quarters Building for KIRTADS, Calicut	16.31
9.	Nurses Hostel—Dining Hall and Compound wall	4.50
XIV.	Nilambur Region	
1.	SADU works, Munderi	110.00
2.	Teak Museum, KFRI, Nilambur	5.00
3.	Type—I, Quarters, KFRI, Nilambur	10.65
4.	Duplex Type Qyarters, KFRI, Nilambur	1.49
XV.	Cannanore Region	
1.	Milk Chilling Plant, Mananthody	19.61
2.	Milk Chilling Plant, Meenangadi	19.61
3.	CDCC Bank, Cannanore, Additional Works	0.75
4.	Municipal Shopping Centre, Badagara	20.00
5.	Municipal comfort Station, Badagara	2.12

അനുബന്ധം III

18-9-1985-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ (222) കാണുക

ലിസ്റ്റ് I

ഉന്നത വിദ്യാഭ്യാസം

1. അനൗപചാരിക മാർഗ്ഗങ്ങളും മുഖാന്തിരമുള്ള ഉന്നത വിദ്യാഭ്യാസം ശക്തീകരിക്കണം. അതിലേയ്ക്കായി സംസ്ഥാന സർക്കാരുകളെ സഹായിക്കണം. ഓപ്പൺ യൂണിവേഴ്സിറ്റി സിസ്റ്റവും കറസ്പോണ്ടൻസ് സ്റ്റഡീസിനും വേണ്ടിയുള്ള ഇൻഫ്രാസ്ട്രക്ചറൽ സൗകര്യങ്ങളുണ്ടാക്കുന്നതിനുവേണ്ടി യു.ജി.സി. മുഖാന്തിരം കൂടുതൽ ധന സഹായം നൽകണം.

2. രാജ്യത്ത് ഗവേഷണങ്ങൾക്ക് ഇപ്പോൾ നീക്കിവയ്ക്കുന്നതുകയിൽ 2 മുതൽ 3 വരെ ശതമാനം മാത്രമേ സർവ്വകലാശാലാ ഗവേഷണങ്ങൾക്ക് നീക്കിവയ്ക്കുന്നുള്ളു. ഇത് 10% മെങ്കിലുമായി ഉയർത്തണം.

3. പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള വ്യവസായങ്ങളും സർവ്വകലാശാലകളും തമ്മിൽ ഗവേഷണ കാര്യങ്ങളിൽ കൂടുതൽ സഹകരണത്തിന്റെ ആവശ്യകത വളരെയേറെയാണ്. അതിനാൽ സർവ്വകലാശാലകളുമായി സഹകരിച്ച് ഗവേഷണ പരിപാടികൾ ഏറ്റെടുക്കാൻ ബന്ധപ്പെട്ട മിനിസ്ട്രികൾക്ക് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകണം.

LIBRARY ARCHIVES Kerala Legislative Assembly